# പത്രക്കുറിപ്പ്

കൊച്ചി മെട്രോ നഗരത്തിൽ ബഹുജന പങ്കാളിത്തത്തോടെ നക്ഷത്രവനം പദ്ധതി

എറണാകുളം സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ ഡിവിഷന്റെ ആഭിമുഖ്യത്തിൽ കൊച്ചി മെട്രോ നഗരത്തിൽ ബഹുജന പങ്കാളിത്തത്തോടെ നക്ഷത്രവനം പദ്ധതി നടപ്പാക്കുന്നു. അന്യംനിന്നുകൊണ്ടിരിക്കുന്നതും അമൂല്യവുമായ 27 വ്യത്യസ്ത ഇനം വൃക്ഷങ്ങളുടെ സഞ്ചയമാണ് നക്ഷത്രവനം. ഒരു ചെറിയ നക്ഷത്ര വൃക്ഷോദ്യാനം സ്ഥാപിക്കുന്നതിനു 6 സെന്റ് ഭൂമി മതിയാകും. 2014 ജൂൺ മാസത്തിൽ തന്നെ എല്ലാ അപേക്ഷകർക്കും തൈകൾ എത്തിച്ചു കൊടുക്കുകയും അവ നട്ടുവളർത്തുന്നതിൽ സഹായിക്കുകയും ചെയ്യുന്നതാണ്. നട്ടു പിടിപ്പിച്ച നക്ഷത്രവനങ്ങൾ, സ്ഥാപനങ്ങൾ സംരക്ഷിക്കുകയും വേണം. ഇതേ സംബന്ധിച്ചു എല്ലാ സഹായങ്ങളും എറണാകുളം സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ ഡിവിഷൻ ചെയ്യുന്നതാണ്. എറണാകുളം മെട്രോ നഗരത്തിൽ ഉൾപ്പെട്ട ക്രിസ്ത്യൻ, മുസ്ലിം പള്ളികൾ, ക്ഷേത്രങ്ങൾ, വിദ്യാലയങ്ങൾ, പൊതുസ്ഥലങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ തുടങ്ങിയവർക്കെല്ലാം അപേക്ഷിക്കാവുന്നതാണ്. അപേക്ഷാഫോറത്തിന്റെ മാതൃക താഴെ കൊടുക്കുന്നു.

**അപേക്ഷാഫോറം**

| | |
|---|---|
| 1. ഭാരവാഹി/അപേക്ഷകന്റെ പേര് | |
| 2. നക്ഷത്രവനം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനം; | |
| 3. സ്ഥാപനത്തിന്റെ പേര് | |
| 4. ഭാരവാഹി/അപേക്ഷകന്റെ ഫോൺ നമ്പർ | |
| 5. പദ്ധതി നടത്തുന്നതിനു ലഭ്യമായ സ്ഥലം (ചുരുങ്ങിയത് 6 സെന്റ് സ്ഥലമെങ്കിലും ഉണ്ടായിരിക്കണം) | |

സത്യപ്രസ്താവന

വനംവകുപ്പിന്റെ നക്ഷത്രവനം പദ്ധതി പ്രകാരം നട്ടുപിടിപ്പിച്ച നക്ഷത്രവനം നശിച്ചുപോകാതെ സംരക്ഷിച്ചുകൊള്ളാമെന്ന് ഇതിനാൽ ഉറപ്പു നൽകുന്നു.

സ്ഥലം: ഒപ്പ്

തീയതി: അപേക്ഷകന്റെ പേര്:

പൂരിപ്പിച്ച അപേക്ഷകൾ 2014 ജനുവരി 30-ന് മുൻപായി ലഭിക്കാത്തക്കവിധം താഴെ പറയുന്ന മേൽവിലാസത്തിൽ അയയ്ക്കുക.

ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്,

സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ,

മണിമല റോഡ്,

ഇടപ്പള്ളി,

എറണാകുളം

തെരഞ്ഞെടുക്കപ്പെടുന്നവരെ വിവരം രേഖാമൂലം അറിയിക്കുന്നതാണ്.